(ബി) 1979 ജനുവരി അവസാനം വരെ ഈ വകയ്ക്കു ചില വായ സംഖ്യ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 84,100 രൂപ.
(ബി) 18,800 രൂപ.

കേരള ഹെൽത്ത് റിസർച്ച് ആൻറ് വെൽഫയർ സൊസൈറ്റിയുടെ പേ വാർഡുകളും സംബന്ധിച്ച് ഓഫീസ് ജോലികളും

943 [1485] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഹെൽത്ത് റിസർച്ച് ആൻറ് വെൽഫയർ സൊസൈറ്റിയുടെ പേ വാർഡുകളും സംബന്ധിച്ച് ഓഫീസ് ജോലികളും സർക്കാർ ജീവനക്കാർ തന്നെ ചെയ്യണമെന്ന് നിർബന്ധിക്കപ്പെടുന്നുണ്ടോ;

(ബി) ഈ ജോലി ചെയ്യാൻ പ്രത്യേക ജീവനക്കാരെ നിയമിക്കാത്തതിനു കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സൊസൈറ്റി പേ വാർഡുകളും രണ്ടു ആശുപത്രിയുടെ ഭാഗമായതിനാൽ വാർഡു അനുവദിക്കുക, വാടക ഈടാക്കുക, തുടങ്ങിയ ജോലികളും ആശുപത്രിതന്നെയാണ് കൈകാര്യം ചെയ്യേണ്ടത്.

ഡിസ്പെൻസറികൾ

944 [1486] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെൻറുടമയിൽ അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളിൽ എത്ര ഡിസ്പെൻസറികൾ വീതം ഉണ്ട്;

(ബി) ഓരോ വിഭാഗത്തിലേയും സ്റ്റാഫ് പാറ്റേൺ എന്ത്;

(സി) ഓരോ വിഭാഗത്തിലേയും ഡാക്ടർ, നേഴ്സ്, കമ്പൗണ്ടർ, തുടങ്ങിയവരുടെ ശമ്പളസ്കെയിൽ വ്യത്യാസമാണോ;

(ഡി) എങ്കിൽ വ്യത്യാസമാകാൻ കാരണമെന്ത്;

(ഇ) ഇത് ഏകീകരിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)	അലോപ്പതി	321
	ഹോമിയോപ്പതി	133
	ആയുർവേദം	406

LIBRARY ARCHIVES Kerala Legislative Assembly